# കുട്ടികൾക്കായുള്ള ബൈബിൾ

## അവതരണം



# നെഹെമ്യാവിന്റെ വൻമതിൽ


എഴുതിയത് : Edward Hughes
ഉദാഹരണം : Jonathan Hay
അംഗികരിച്ചത് : Mary-Anne S.
തർജ്ജിമ ചെയുതത് : Rev. Benny
നിർമ്മിച്ചത് : Bible for Children
www.M1914.org

BFC
PO Box 3
Winnipeg, MB R3C 2G1
Canada



©2022 Bible for Children, Inc.
കോപ്പിചെയുവാനും മുദ്രണം ചെയുവാനും അധികാരം ഉണ്ട്.
ഒരിക്കലും വിൽക്കരുത്.




ശക്തമായിരുന്ന ദേശമായ പേർഷ്യ (പാർസി) ലോകം അടക്കി വാണു. അർഥഹ്ശഷ്ടാ രാജാവായിരുന്നു പേർഷ്യ ഭരിച്ചിരുന്നത്. ലോകത്തിലെ അതിശക്തനായ രാജാവായിരുന്നു താൻ. രാജാവിന്റെ പ്രധാന സഹായികളിൽ ഒരുവൻ യെഹൂദ്യനായിരുന്ന നെഹെമ്യാവായിരുന്നു. രാജാവിന്റെ ഭക്ഷണത്തിൽ ആരും വിഷംകലർത്തിയിട്ടില്ലെന്ന് രുചിച്ചുനോക്കി പരിശോധിക്കുന്ന ജോലിയായിരുന്നു അദ്ദേഹത്തിന്.




ഒരുദിവസം നെഹെമ്യാവ് രാജാവിന്റെ മുമ്പാകെ വളരെ ദുഃഖത്തോടുകൂടെ വന്നു. പ്രശ്നം എന്താണെന്ന് അറിയാൻ രാജാവ് താത്പര്യപ്പെട്ടു. നെഹെമ്യാവ് പറഞ്ഞു: “രാജാവ് ദീർഘായുസ്സോടെ ഇരിക്കട്ടെ! എന്റെ പിതാക്കന്മാരുടെ കല്ലറകളുള്ള നഗരം ശൂന്യമായും അതിന്റെ വാതിലുകൾ തീവെച്ച് നശിപ്പിക്കപ്പെട്ടും കിടക്കുന്നു.” വളരെ വർഷങ്ങൾക്കുമുമ്പ് യുദ്ധംമൂലം നശിപ്പിക്കപ്പെട്ട യെരൂശലേമിനെക്കുറിച്ചായിരുന്നു നെഹെമ്യാവ് സംസാരിച്ചത്.
3


അർഥഹ്ശഷ്ടാരാജാവ് ചോദിച്ചു: “നിന്റെ അപേക്ഷ എന്താണ്?” നെഹെമ്യാവ് അപേക്ഷിച്ചു: “യെരൂശലേം വീണ്ടും പണിയുന്നതിന് എന്നെ അവിടെ പോകുവാൻ അനുവദിക്കുക.” അർഥഹ്ശഷ്ടാരാജാവ് ദയതോന്നി സമ്മതിച്ചു. നെഹെമ്യാവിനെ തന്റെ യാത്രയിൽ സംരക്ഷിക്കേണ്ടതിനുള്ള ഔദ്യോഗിക കത്തുകളും താൻ കൊടുത്തയച്ചു.
4


രാജാവ് അതിലേറെയും സഹായം ചെയ്തു. രാജാവിന്റെ വനപാലകനായ ആസാഫിനുവേണ്ടിയുള്ള ഒരു കത്തും രാജാവ് നെഹെമ്യാവിന്റെ പക്കൽ കൊടുത്തു. പട്ടണത്തിന്റെ മതിലുപണിക്ക് ആവശ്യമുള്ളത്രയും തടികൾ കൊടുക്കണമെന്ന് ആസാഫിന് കല്പന കൊടുത്തു.
5


നെഹെമ്യാവ് യെരൂശലേമിൽ എത്തിയപ്പോൾ, പട്ടണത്തിലെ ഉദ്യോഗസ്ഥരെ വിളിച്ചുകൂട്ടിയിട്ട് പറഞ്ഞു: “നാം അകപ്പെട്ടിരിക്കുന്ന ദുരവസ്ഥ അറിയാമല്ലോ. പട്ടണം ശൂന്യവും അതിന്റെ വാതിലുകൾ അഗ്നിക്കിരയായും കിടക്കുന്നു. നമുക്ക് അത് വീണ്ടും പണിയാം.” അർഥഹ്ശഷ്ടരാജാവ് ഇതിന് അനുമതി തന്നിട്ടുണ്ടെന്ന് അവൻ അവരോട് പറഞ്ഞു. അതിലെല്ലാം പ്രധാനം ദൈവം അവരുടെ പക്ഷത്തായിരുന്നു എന്നതാണ്.
6


നെഹെമ്യാവിന്റെ വിശ്വാസവും ഉത്സാഹവും ജനങ്ങളെ നിശ്ചയമായും പ്രേരിപ്പിച്ചിട്ട്. അവർ സമ്മതിച്ചു: “നാം എഴുന്നേറ്റ് പണിയുക.” ഓരോ കുടുംബവും മതിലിന്റെ ഏതുഭാഗം നന്നാക്കണമെന്ന് നെഹെമ്യാവ് പറഞ്ഞു.
7


എന്നാൽ മതിൽ വീണ്ടും പണിയുവാൻ എല്ലാവരും തയ്യാറായില്ല. സൻബല്ലത്ത് എന്നൊരു ആളും അയാളുടെ സുഹൃത്തുക്കളായ തോബിയാവും ഗേശെമും യെഹൂദവംശജരായിരുന്നില്ല.
മതിൽ വീണ്ടും പണിയുവാനോ വാതിലുകൾ വെക്കുവാനോ അവർ ആഗ്രഹിച്ചില്ല.
8

പണി പുരോഗമിച്ചപ്പോൾ സൻബെല്ലത്ത് വളരെ ക്രുദ്ധനായി. അവനും സുഹൃത്തുക്കളും യഹൂദന്മാരെ പരിഹസിച്ചു. തോബിയാവ് പറഞ്ഞു: “അവർ പണിയുന്ന ഈ കന്മതിൽ ഒരു കുറുക്കൻ കയറിയാൽ തകർന്നുവീഴും.” നെഹെമ്യാവ് ഒന്നും പറഞ്ഞില്ല. ദൈവം അവരെ കൈകാര്യം ചെയ്യട്ടെ എന്ന് പ്രാർത്ഥിക്കുക മാത്രം ചെയ്തു.



9

അവരുടെ പരിഹാസം ഫലിക്കുന്നില്ലെന്ന് കപ്പോൾ, യെരൂശലേമിനുനേരെ യുദ്ധം ചെയ്ത് ആവുന്നത്ര നാശം വരുത്തുവാൻ അവർ ഗൂഢാലോചനചെയ്തു. നെഹെമ്യാവ് വീും ദൈവത്തിന്റെ സഹായത്തിനായി പ്രാർത്ഥിച്ചു. രാത്രിയിലും പകലും അവൻ കാവൽക്കാരെ നിർത്തി, കാരണം അപ്രതീക്ഷിതമായി ആക്രമണം ഉാകാതെ നോക്കാമല്ലോ.



10

യഹൂദന്മാർ വളരെ കഠിനാധ്വാനം ചെയ്ത് ക്ഷീണിച്ചുവരികയായിരുന്നു. അവൻ പണിതുകൊിരിക്കുമ്പോൾ ശത്രു വന്ന് അവരെ ആക്രമിച്ചുകൊന്നുകളയും എന്ന് ചിലർ പേടിച്ചു. എന്നാലും നെഹെമ്യാവ് പണി നിർത്താൻ കൂട്ടാക്കിയില്ല. പണിക്കാർക്കു ചുറ്റും അവൻ കാവൽക്കാരെ നിർത്തി. ദൈവം അവരുടെ പക്ഷത്താണെന്നും ഏതു ശത്രുവിനെക്കാളും അതിശക്തനാണ് ദൈവമെന്നും അവൻ അവരെ ഓർമപ്പെടുത്തി.



11

ഒരു നല്ല മാതൃകയായിരിപ്പാൻ നെഹെമ്യാവ് ശ്രമിച്ചു. അർഥഹ്ശഷ്ടരാജാവ് അവനെ യെരൂശലേമിന്റെ ഗവർണറായി നിയമിച്ചു. ജനങ്ങളിൽനിന്ന് നികുതിയായി പണവും ഭക്ഷണവും ഈടാക്കുവാൻ തനിക്ക് അധികാരമുായിരുന്നുവെങ്കിലും താനങ്ങനെ ചെയ്തില്ല. ജനങ്ങൾ മതിൽപ്പണിയിൽ ഏർപ്പെട്ടപ്പോൾ താനും അവരോട് ചേർന്ന് പണിയെടുത്തു. സ്വന്തം പണംകൊ് അദ്ദേഹം ഭക്ഷണം വാങ്ങി.



12

അവസാനം ജനങ്ങൾ മതിൽപണി പൂർത്തിയാക്കി. പ്രധാന വാതിലുകൾക്ക് കതകുകൾ പിടിപ്പിക്കുന്നതുമാത്രം ശേഷിച്ചു. മതിലിന്റെ വിടവുകളെല്ലാം പണിതു ശരിയാക്കി എന്ന് സൻബെല്ലത്തും തോബിയാവും കേട്ടപ്പോൾ, അവർ നെഹെമ്യാവിനെ ഉദ്രവിക്കാൻ പദ്ധതിയിട്ടു.



13

ഓനോ എന്ന സ്ഥലത്തുവെച്ച് അവരുമായി കൂടിക്കാഴ്ച നടത്തുവാൻ അവർ നെഹെമ്യാവിന് കത്തുകൊടുത്തു. തന്നെ ഉപദ്രവിക്കുവാനുള്ള പദ്ധതിയാണിതെന്ന് നെഹെമ്യാവ് മനസ്സിലാക്കി. താൻ പണി ചെയ്തുകൊിരിക്കുന്നതിനാൽ അവരെ സന്ദർശിക്കാനാവില്ല എന്ന് തിരിച്ച് ഒരു കത്തുകൊടുത്തു.




14

മതിലിന്റെ പണി പൂർത്തിയായി. അതിനെ സംരക്ഷിക്കുവാൻ നെഹെമ്യാവ് കാവൽക്കാരെ നിയമിച്ചു. സൂര്യൻ ഉദിച്ച് വെയിൽ വരുന്നതിനുമുമ്പ് പട്ടണവാതിലുകൾ തുറക്കരുത് എന്നൊരു നിയമവും അവൻ ഉാക്കി.




15

പട്ടണം ഇപ്പോൾ സുരക്ഷിതമായി. ലോകത്തിന്റെ നാനാഭാഗത്തുനിന്നും പ്രവാസികൾ യെരൂശലേമിലേക്ക് തിരിച്ചുവന്നു.



16

ദൈവം തനിക്കു നല്കിയ ജോലി ഭംഗിയായി നിർവഹിച്ചതിൽ നെഹെമ്യാവ് തീർച്ചയായും സന്തുഷ്ടനായിരുന്നിരിക്കും. തടസ്സങ്ങളേറെയുായിരുന്നു. അവൻ യെരൂശലേമിൽ താമസിച്ചുകൊ് ദൈവത്തെ എപ്പോഴും അനുസരിക്കുവാൻ ജനത്തെ സഹായിച്ചു.



17

നെഹെമ്യാവിന്റെ വൻമതിൽ

ദൈവവചനത്തിൽ നിന്നും ഒരു കഥ.

ബൈബിളിൽ നിന്നുംഎടുത്തത്.

നെഹെമ്യാവ്

"നിങ്ങളുടെ പ്രവേശന വാക്ക് വെളിച്ചം പകരട്ടെ."
സങ്കീർത്തനം 119:130

18




35

60

19

അദ്ഭുദവനായ ദൈവം നമ്മളെ സൃഷ്ടിച്ചുവെന്നും
നാം ദൈവത്തെ അറിയണമെന്നും ബൈബിൾ പറയുന്നു.

നാം തെറ്റുകാർ ആണെന്ന് ദൈവത്തിനറിയാം അതിനെ പാപമെന്ന് വിളിക്കുന്നു പാപത്തിനുള്ള ശിക്ഷ മരണമാണ് .എന്നാൽ ദൈവം നമ്മളെ സ്നേഹിച്ചതുകൊണ്ട് തന്റെ മകനായ യേശുവിനെ നമ്മുടെ പാപങ്ങൾക്ക് വേണ്ടി ക്രൂശിൽ മരിക്കേണ്ടതിന് ഈ ലോകത്തിലേക്ക് അയച്ചു യേശു മരണത്തിൽനിന്നും ഉയിർത്തെഴുന്നേറ്റു സ്വർഗ്ഗത്തിൽ പോയി. യേശുവിൽ വിശ്വസിക്കുകയും. നമ്മുടെ പാപങ്ങൾ ഏറ്റുപറയുകയും ചെയ്താൽ നമ്മുടെ പാപങ്ങളെ ക്ഷമിച്ച് യേശു നമ്മുടെ ഹൃദയത്തിൽ വസിക്കുകയും നാം അവനിലും നിരന്തരം വസിക്കുകയും ചെയ്യും.

ഇത് നിങ്ങൾ വിശ്വസിക്കുന്നു എങ്കിൽ ദൈവത്തോട് ഈപ്രകാരം പറയുക

പ്രിയ യേശുവേ നീ ദൈവമാണെന്നു ഞാൻ വിശ്വസിക്കുന്നു, എന്റെ പാപങ്ങൾക്കായി മരിപ്പാൻ മനുഷ്യനായി നീ വന്നു. നീ ഇപ്പോഴും ജീവിക്കുന്നു എന്റെ ഹൃദയത്തിലേക്ക് വന്നു എന്റെ പാപങ്ങൾ ക്ഷമിക്കേണമേ എനിക്ക് പുതിയൊരു ജീവിതം തരേണമേ. ഒരു ദിവസം നിന്നോട് കൂടെ ഞാൻ നിരന്തരം ആയിരിക്കും നിനക്ക് വേണ്ടി ജീവിപ്പാനും, അനുസരിപ്പാനും നിന്റെ മകനായിരിപ്പനും സഹായിക്കേണമേ, ആമേൻ.

എല്ലാദിവസവും ബൈബിൾ വായിക്കുകയും ദൈവത്തോട് സംസാരിക്കുകയും ചെയുക.
യോഹന്നാൻ 3:16

20